SUBSCRIBE,
9656571354
Your favouritenewspaperat your fingertips
morning news daily



# മാരക രൂപിയായ നാർസിസിസ്റ്റുകൾ

www.morningnewsdaily.org



ഡോ. സൂസൻ കോരുത്
PhD,MSc,MSW,MBA
http://www.drsusankoruthu.com

**കോ**തമംഗലത്ത് പെൺകുട്ടിക്ക് നേരെ വെടിയുതിർത്ത് യുവാവ് ആത്മഹത്യ ചെയ്ത ഞെട്ടിപ്പിക്കുന്ന സംഭവത്തെപ്പറ്റി നിങ്ങളും അറിഞ്ഞിരിക്കുമല്ലോ. പലരും ചിന്തിക്കുന്നത് എങ്ങിനെ ഒരു മനുഷ്യന് ഇങ്ങനെയൊക്കെ പ്രവൃത്തിക്കാനാകും എന്നാണ്.

എന്നാൽ ചില മാരകമായ ആന്റി സോഷ്യൽ ഡിസോർഡറുകളുള്ള വ്യക്തികൾക്ക് ഇങ്ങനെയുള്ള രക്തം മരവിപ്പിക്കുന്ന പ്രവൃത്തികൾ ചെയ്യുവാൻ കഴിയും. ഇവർ മാരകമായ നാർസിസിസ്റ്റ് വ്യക്തിത്വ വൈകല്യമുള്ളവരാണ്. തങ്ങളുടെ ഇരകളായ പങ്കാളികളെ ഒരിക്കലും വിട്ടുപോകാൻ ഇവർക്ക് അനുവദിക്കാനാവില്ല. ഇവരുടെ മനസ്സ് അവരിൽ ചുറ്റിത്തിരിഞ്ഞു കൊണ്ടിരിക്കും. ഇങ്ങനെയുള്ളവരുമായി പ്രേമത്തിലോ, ലിവ് ഇൻ റിലേഷണലിലോ അല്ലെങ്കിൽ വിവാഹത്തിലോ ഏർപ്പെട്ടിട്ട് പിരിയുകയാണെങ്കിൽ ഇവർ നിങ്ങളെ ജീവിക്കാൻ അനുവദിക്കുകയില്ല. ഏതെങ്കിലുമൊക്കെ വിധത്തിൽ നിങ്ങളെ ഇവർ തുടരെ പിന്തുടർന്ന് ദ്രോഹിച്ചുകൊണ്ടിരിക്കും.

തങ്ങളെ തഴഞ്ഞിട്ടു സമാധാനത്തോടെ ജീവിക്കുന്ന അവരുടെ ജീവിതപങ്കാളി അവരെ സംബന്ധിച്ചിടത്തോളം അവരുടെ പിടിയിൽ നിന്നും രക്ഷപെട്ട മുയലോ അല്ലെങ്കിൽ എലിയോ ആയിരിക്കും. ഇവരുടെ കൂടെയുള്ള ജീവിതം വളരെ പ്രയാസമേറിയതായിരിക്കും പൂച്ച എലിയെ കൊല്ലാതെയിട്ടു കളിപ്പിക്കുന്നതു പോലെയായിരിക്കും ഇവർ തങ്ങളുടെ ഇരകളെ കളിപ്പിക്കുന്നത്. തങ്ങളുടെ കയ്യിൽനിന്നും രക്ഷപെടാൻ പറ്റാത്തവിധം കുരുക്കുകൾ ഇടാൻ ഇവർ മിടുക്കരാണ്. ഇവർ കോമളരും, സുസ്മേരവദനരും, പുറം മോടിയുള്ള വ്യക്തിത്വങ്ങളുമായിരിക്കും. ഇവരുടെ പുറം മോടിയിൽ ആകൃഷ്ടരായായിരിക്കും പലരും ഇവരുടെ വലയിൽ വീഴുന്നത്.

ഇപ്രകാരമുള്ള നർസിസിസ്റ്റിക് പഴ്സനാലിറ്റിയെപ്പറ്റി ഞാൻ മുമ്പുള്ള ലേഖനങ്ങളിൽ വിശദമായി എഴുതിയിരുന്നു. തങ്ങളുടെ വ്യക്തിപ്രഭാവത്തിൽ മതിമറക്കുന്നവരാണിവരെന്നും. ഈ വൈകല്യത്തിന് ചെറുത് മുതൽ മാരകമായ അളവുവരെയുള്ള വ്യാപ്തിയുണ്ടായിക്കുമെന്നും പറയുകയുണ്ടായി. അതിൽ അതിമാരകമായ വകഭേദമാണ് രാഖിൽ എന്ന കാമുകനിൽ കാണാനാകുന്നത്. ഇവരിൽ ഒരു കെട്ടുപിണഞ്ഞ വിവിധ മാനസിക വൈകല്യങ്ങൾ അല്ലെങ്കിൽ വ്യക്തിത്വ വൈകല്യങ്ങൾ സമ്മേളിച്ചിരിക്കുന്നതു കാണുവാൻ കഴിയും. ചിലരിൽ നർസിസിസ്റ്റിക് ഡിസോർഡറിനൊപ്പം സൈക്കോപതി, സോഷ്യോപതി, ബൈപോളാർ, ബോർഡർലൈൻ ഡിസോർഡർ, പാരനോയ അല്ലെങ്കിൽ സംശയരോഗം, ഡാർക്ക് എംപാത്, എന്നിവ ഒറ്റക്കോ പെട്ടക്കോ ഒക്കെ കെട്ടുപിണഞ്ഞു കിടക്കുന്നതു കാണാറുണ്ട്. ഇനി ഡാർക്ക് ട്രയാഡിൽ മാരകമായ നർസിസ്സമുള്ള വ്യക്തിയാകാനുമുള്ള സാധ്യതയും ഇവിടെ തള്ളിക്കളയാനാവില്ല.

ഇവരുടെ ഇര ഇവരിൽനിന്നും അകലുന്നു എന്നറിഞ്ഞാൽ ഇവരിൽ അസഹ്യമായ അസ്വസ്ഥത അനുഭവപ്പെടും. തങ്ങളുടെ വ്യക്തിപരമായ പരാജയമായി അവർ ആ വേർപിരിയലിനെ കണ്ടുകൊണ്ട് തീർത്തും പ്രതികാര വികാരങ്ങളുടെ മൂർത്തീഭാവമായി ഇവർ മാറുന്നു. ഇവരുടെ തലച്ചോറിൽ എങ്ങനെ തന്റെ ഇരയെ വീണ്ടും തങ്ങളുടെ വലയത്തിലാക്കാമെന്നതായിരിക്കും എപ്പോഴുമുള്ള ചിന്ത. അതിനായി അവർ തങ്ങളുടെ ഇരയുടെ ചുറ്റും ചിലന്തി വല കെട്ടുന്നതുപോലെ നിരീക്ഷണ വലയം തീർക്കും. സാധാരണ മനുഷ്യർക്ക് ഭാവനയിൽ കാണാൻപോലും പറ്റാത്തത്ര അവിശ്വസനീയമായ രീതിയിലായിരിക്കും ഇവർ തങ്ങളുടെ ഇരയുടെ ചുറ്റിലും തന്റെ നിരീക്ഷണ വലയം തീർക്കുന്നത്. ഇവർ തങ്ങളുടെ ഇരകളെ വരുതിയിലാക്കാൻ വേണ്ടി രാവും പകലും അവരുടെ ചുറ്റും കറങ്ങിക്കൊണ്ടിരിക്കും. ഇര പലപ്പോഴും ഇവരുടെ ഇപ്രകാരമുള്ള പിന്തുടരുകൾ അറിയുന്നുണ്ടാവുകയില്ല. ഇരകൾ തങ്ങളുടെ വരുതിയിലാകുകയില്ല എന്നുറപ്പാകുകയാണെങ്കിൽ അവരെ ഇല്ലായ്മ ചെയ്യാനും ഇവർ മടിക്കുകയില്ല. അതിനായി സ്വയം ഇല്ലാതാകാനും ഇവർക്ക് ഒരു വൈമനസ്യമോ പേടിയോ കാണുകയില്ല. അവർക്കതു ഒരു വീര പ്രവൃത്തിയായിട്ടാണ് അനുഭവപ്പെടുക.



തങ്ങളുടെ കൈയിൽനിന്നും ഇര രക്ഷപ്പെട്ടു എന്നറിഞ്ഞാൽ ഗൂഢലക്ഷ്യത്തോടെയുള്ള പിന്തുടരൽ ഇങ്ങനെയുള്ള വ്യക്തിത്വങ്ങളുടെ പ്രത്യേകതകളിലൊന്നാണ്. ഇവർ ചെയ്യുന്ന ചില പ്രത്യേക പെരുമാറ്റങ്ങളാണ് അനാവശ്യ ഫോൺ കോളുകൾ ചെയ്യുക, ആവശ്യമോ അനാവശ്യമായതോ ആയ കത്തുകളോ ഇമെയിലുകളോ,
മെസ്സേജുകളോ അയയ്ക്കുക, ഇരയെ പിന്തുടരുകയോ ചാരപ്പണി ചെയ്യുകയോ ചെയ്യുക, ന്യായമായ കാരണമില്ലാതെ സ്ഥലങ്ങളിൽ ചുറ്റിത്തിരിയുക, ഇരയ്ക്കായി
ഇര പോകാറുള്ള സ്ഥലങ്ങളിൽ കാത്തിരിക്കുക, സമ്മാനങ്ങൾ, അല്ലെങ്കിൽ
പൂക്കൾ എന്നിവ അയയ്ക്കുക, ഇന്റർനെറ്റിലോ പൊതുസ്ഥലത്തോ വാക്കാലോ, ഫോട്ടോയിലൂടെയോ ഇരയെക്കുറിച്ചുള്ള വിവരങ്ങൾ പ്രചരിപ്പിക്കുകയോ പ്രചരിപ്പിക്കുമെന്നു ഭീഷണിപ്പെടുത്തുകയോ ചെയ്യുക. ഭീഷണിപ്പെടുത്തുന്ന സന്ദേശങ്ങൾ അയയ്ക്കുക. തങ്ങളില്ലാതെ ജീവിക്കാനനുവദിക്കില്ലെന്നു പറഞ്ഞു ഭയപ്പെടുത്തുക എന്നിവ.

ഒരു മാരക രൂപിയായ നാർസിസിസ്റ്റ് നിങ്ങളിൽ നിന്ന് അവർ ആഗ്രഹിക്കുന്നതെന്തും ലഭിക്കാൻ നിങ്ങളുടെ ശ്രദ്ധ ആകർഷിക്കാൻ വിവിധ മാർഗങ്ങളിലൂടെ ശ്രമിക്കും. പക്ഷേ നിങ്ങൾ അവരുടെ നേരെ വാതിൽ കൊട്ടിയടക്കുമ്പോൾ അല്ലെങ്കിൽ നിങ്ങൾക്കു ചുറ്റും മതിലുകൾ ഉയർത്തുമ്പോൾ അവർ കൂടുതൽ നിരാശരാകും. അവരെ അവഗണിക്കുന്നതു അവർക്ക് സഹിക്കാൻ കഴിയില്ല അത് അവരിൽ ആക്രമണ സ്വഭാവം വർദ്ധിപ്പിക്കാൻ ഇടയാക്കുന്നു. ഒരു നാർസിസിസ്റ്റിന് നിങ്ങളെ വിശ്വസിക്കാൻ കഴിയാതെ വരുമ്പോൾ, അതുപോലെ നിങ്ങൾ അവരുമായിള്ള ബന്ധമിനി തുടരില്ല എന്നറിയുമ്പോൾ, അവർക്ക് ആവശ്യമുള്ളത് നൽകാൻ നിങ്ങളിൽ അവർക്കു സ്വാധീനം ചെലുത്താൻ കഴിയില്ല എന്നറിയുമ്പോൾ, അവരുടെ വ്യർത്ഥമായ മോഹന വാഗ്ദാനങ്ങൾക്ക് നിങ്ങൾ വശംവദരാകാതെയിരിക്കുകയും, പ്രതികരിക്കാതെയിരിക്കുകയും ചെയ്യുമ്പോൾ അവർ പ്രതികാരദാഹികളായി മാറുന്നു. പ്രതികാരത്തിനുവേണ്ടി ഇവർ എന്തും ചെയ്യുവാൻ മടിയില്ലാത്തവരാണ്.

അത് ചിലപ്പോൾ നിങ്ങളുടെ വളർത്തുമൃഗത്തെയോ കുട്ടിയെയോ തട്ടിക്കൊണ്ടുപോയിട്ടായിരിക്കും, നിങ്ങളുടെ പ്രിയപ്പെട്ടവരെ ഭീഷണിപ്പെടുത്തിയിട്ടായിരിക്കും. അല്ലെങ്കിൽ നിങ്ങളുടെയോ നിങ്ങളുടെ അടുത്ത ബന്ധമുള്ളവരുടെയോ ജോലി നഷ്ടപ്പെടുത്തിക്കൊണ്ടായിരിക്കും, നിങ്ങളെപ്പറ്റി അപവാദങ്ങൾ പറയുകയോ, നിങ്ങളുടെ വ്യക്തിഹത്യ നടത്തിക്കൊണ്ടോ ആയിരിക്കാം. ഇനിയും ചിലർ നിങ്ങളുടെ ജീവൻ അപഹരിക്കുന്നതിലൂടെ അന്തിമമായ പ്രതികാരം ചെയ്യാൻ ശ്രമിച്ചേക്കാം. വേട്ടയാടൽ എന്നത് ഒരു അപകടകരമായ കളിയാണ്. മാരക രൂപിയായ നാർസിസിസ്റ്റുകൾ ഈ കളിയിൽ മിടുമിടുക്കരാണ്. അതുകൊണ്ടു തന്നെ നിങ്ങൾ വേട്ടയാടപ്പെടാൻ സാധ്യതയുണ്ട് എന്ന് തോന്നിയാൽ ഒരിക്കലും അതിനെ നിസ്സാരമായി കാണാതെ അല്ലെങ്കിൽ അവഗണിക്കാതെ ആവശ്യമായ സംരക്ഷണ നടപടികൾ കൈക്കൊള്ളണം.


മാനസയുടെ ജീവിതം യുവതീ യുവാക്കൾ ഓരോരുത്തർക്കും ഒരു പാഠമാവണം. സോഷ്യൽ മീഡിയ എന്നത് വളരെ വിവേകത്തോടെ കാണേണ്ട ഒരു ലോകമാണ്. വ്യാജ വ്യക്തിപ്രഭാവത്തിൻറ്റെ ഈറ്റില്ലമാണ് സോഷ്യൽ മീഡിയ. കാപട്യം, ചതി എന്നിവ വളരെ തന്മയത്തത്തോടെ അവതരിപ്പിക്കാൻ പറ്റിയ ഇടം സോഷ്യൽ മീഡിയ പോലെ മറ്റൊന്നില്ല. ഒരിക്കലും അതിൽനിന്നും പ്രേമബന്ധങ്ങൾ വളർത്തുവാൻ ശ്രമിക്കരുത്. ഇനി അങ്ങിനെ ആരെയെങ്കിലും ഇഷ്ടമായാൽ തന്നെ വളരെ സൂക്ഷ്മമായി അറിഞ്ഞതിനു ശേഷം മാത്രം മുൻപോട്ടു പോകുക. എന്തെങ്കിലും അപകട സൂചന കിട്ടിയാൽ വേണ്ടപ്പെട്ടവരെ അറിയിക്കുന്നതോടൊപ്പം വളരെ കരുതലോടെ കാര്യങ്ങളെ കൈകാര്യം ചെയ്യുകയും വേണം.

പക്ഷെ നിർഭാഗ്യവശാൽ ഇതിനെല്ലാം തുരങ്കം വയ്ക്കുന്ന ചിന്താഗതിയാണ് എന്റെ കാമുകൻ അല്ലെങ്കിൽ കാമുകി ഒരിക്കലും അങ്ങിനെയുള്ള ആളാകില്ല എന്ന ഗൂഢവിശ്വാസം. അത് പലരെയും അങ്ങനെയുള്ളവരുടെ വലയിൽ കുരുങ്ങുവാൻ ഇടയാക്കുന്നു.

ജീവിതം അത്ര സരളമല്ലായെന്നും. പണവും, പ്രേമവും, പൊന്നും, സമ്പത്തും, അധികാരവും, പ്രതാപവും മാത്രമല്ല ജീവിതവിജയത്തിന്റെ അളവുകോലെന്നും മനസിലാക്കുക. കുട്ടികളെ വളർത്താൻ മാതാപിതാക്കൾ പഠിച്ചിരിക്കണം. തങ്ങളുടെ കുട്ടിയെപ്പറ്റി മറ്റുള്ളവരുടെ അഭിപ്രായങ്ങൾ കേൾക്കാൻ മനസ്സുണ്ടാകണം. എങ്കിൽമാത്രമേ നമ്മുടെ കുട്ടികളുടെ പൊതുവായ സ്വഭാവത്തെ മനസ്സിലാക്കാൻ സാധിക്കു.

അവരുടെ സ്വഭാവത്തിലെ കുറവുകളെ കണ്ടെത്താൻ മാതാപിതാക്കൾ ശ്രമിക്കുകയും അവയെ മറികടക്കാനവരെ പ്രാപ്തരാക്കുകയും വേണം. ഇനിയെങ്കിലും രഹസ്യസ്വഭാവം കൂടുതലായുള്ള, തങ്ങളിലേക്ക് മാത്രം ഒതുങ്ങുന്ന ജീവിത രീതിക്ക് ഒരു മാറ്റം വരണം. എങ്കിലേ പലതരത്തിലുള്ള സമൂഹദ്രോഹികളെ മനസ്സിലാക്കാനും അവരിൽ നിന്നും രക്ഷ നേടാനും നമുക്കു സാധ്യമാവുകയുള്ളു. ഗുപ്തമായ ജീവിതരീതി വ്യക്തിത്വ വൈകല്യങ്ങളെ വളർത്തുവാൻ സഹായകരമാണ്.

അതുകൊണ്ടു തന്നെ ശരിയായ രീതിയിലുള്ള വിമർശനങ്ങളെ ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ മക്കളുടെ ജീവിതത്തെ ശരിയായ രീതിയിൽ നയിക്കാൻ കഴിയുന്നവരായി ഓരോ മാതാപിതാക്കളും മാറണം.




Publish your Ad in
9656571354
morning news daily
Malayalam News Paper

